# റബ്ബുൽ ആലമീൻ
# സർവ്വലോക പരിപാലകൻ
## (3)

قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِن
دُونِ اللَّهِ لَمَّا جَاءَنِيَ الْبَيِّنَاتُ مِن رَّبِّي وَأُمِرْتُ
أَنْ أُسْلِمَ لِرَبِّ الْعَالَمِينَ ﴿٦٧﴾

(**പ**റയുക, എന്റെ നാഥനിൽനിന്ന് എനിക്ക് സ്പഷ്ടമായ തെളിവുകൾ വന്നുകിട്ടിയപ്പോൾ, അല്ലാഹുവിനെ വിട്ട് നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്ന ആരാധ്യരെ ആരാധിക്കുന്നത് എന്നോട് നിരോധിച്ചിരിക്കുന്നു. പ്രപഞ്ചനാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്. 40:67)

കഴിഞ്ഞ ഖുത്വ്ബയിൽ റബ്ബ് എന്ന അല്ലാഹുവിന്റെ നാമവിശേഷണത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ ചില ഖുർആനിക വചനങ്ങൾ സമർപ്പിച്ചിരുന്നു. 'എന്റെ ദാസന്മാരെ, നിങ്ങൾ നിങ്ങളുടെ ശാശ്വത ജീവിതം ആഗ്രഹിക്കുന്നെങ്കിൽ എന്നെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുക, ഇല്ലെങ്കിൽ നിങ്ങളുടെ പര്യവസാനത്തിന് നിങ്ങൾ തന്നെയായിരിക്കും ഉത്തരവാദികൾ' എന്ന് അല്ലാഹു അതിൽ പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു, നോക്കുക! ഞാൻ നിങ്ങളോട് വ്യക്തമായും പറയുന്നു, നിങ്ങളുടെ അല്ലാഹു ഏകനായ ദൈവമാകുന്നു. അവൻ നിങ്ങളുടെ റബ്ബാണ്. 'റബ്ബനാ'യുടെ ശബ്ദം, അത് ഹൃദയത്തിന്റെ ഉള്ളിൽനിന്ന് പുറപ്പെട്ടതാണെങ്കിൽ നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നു.

നിങ്ങൾക്കാവശ്യം വരുന്ന നേരത്ത് നിങ്ങളുടെ പ്രാർത്ഥനയെക്കുറിച്ച് എന്തു പറയാനാണ്, നിങ്ങൾ ചോദിക്കാതെതന്നെ നിങ്ങളുടെ ഭൗതികമായ സുഖസൗകര്യങ്ങൾക്കും നിങ്ങളുടെ സമാധാനത്തിനുമായി രാവും പകലും സൃഷ്ടിച്ചുകൊണ്ട് അല്ലാഹു ഉപകാരം ചെയ്തിരിക്കുന്നു. ഇത് വളരെ വലിയ ഔദാര്യമാണ്. ഈ ഔദാര്യത്തിന് പകരം ഒരു സത്യവിശ്വാസിയായ ദാസനിൽനിന്ന് നന്ദി പ്രകടനമല്ലാതെ മറ്റൊന്നുംതന്നെ ഉണ്ടാകുന്ന പ്രശ്നമേയില്ല. ഒരു സത്യവിശ്വാസിയിൽനിന്ന് മറ്റെന്തെങ്കിലും പ്രകടനമുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ പറ്റുകയുമില്ല. അതുകൊണ്ട് ഈ നന്ദി പ്രകടനത്തിന്റെ വികാരത്താൽ, നിങ്ങളുടെ മുമ്പിൽ എപ്പോഴും നിങ്ങളുടെ റബ്ബായ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. ഒരിക്കലും ശയ്ത്വാന്റെ വഞ്ചനയിൽ അകപ്പെടരുത്. അതുകൊണ്ട് ബോധപൂർവ്വം പ്രവർത്തിക്കുക. ആകാശങ്ങളിലും ഭൂമിയിലും എന്നല്ല പ്രപഞ്ചത്തിൽ മുഴുവനുമുള്ള അനുഗ്രഹങ്ങളെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുക. അതിൽ നിങ്ങളുടെ അനശ്വരമായ ജീവിതത്തിനുള്ള എല്ലാ സാധനസാമഗ്രികളും അവൻ സംഘടിപ്പിച്ചുതന്നിരിക്കുന്നു. നിങ്ങളുടെ ശാരീരികമായ കഴിവുകൾ, നിങ്ങളുടെ അവയവങ്ങൾ- നിങ്ങളുടെ സുന്ദരമായ രൂപങ്ങൾ. നിങ്ങൾക്കുള്ള ഭക്ഷണവും കഴിക്കാനുള്ള പാനീയവും ഉടുക്കാനും പുതക്കാനുമുള്ള വസ്ത്രങ്ങളും തുടങ്ങി അസംഖ്യം രിസ്ഖുകൾ അവൻ നിങ്ങൾക്ക് തന്നിരിക്കുന്നു.

നോക്കുക. എന്തെന്തെല്ലാം ധാന്യങ്ങളാണ് നമ്മുടെ ദൈവമായ റബ്ബ് നമുക്കായി ഒരുക്കിത്തന്നിരിക്കുന്നത്. ആഹാരത്തിനായി ധാന്യങ്ങളിൽ ഭക്ഷണത്തിനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നു. അതിൽ ഒരുപാട് ഇനങ്ങളുണ്ട്. കുടിക്കാനുള്ള പാനീയവും അതിൽനിന്ന് ലഭിക്കുന്നു. നഗ്നത മറയ്ക്കുന്നതിന് വസ്ത്രം ഏർപ്പാടാക്കിത്തന്നിരിക്കുന്നു. അതും കാർഷികോൽപ്പന്നങ്ങളിൽനിന്ന് കിട്ടുന്നതാണ്. കരയിലേയും കടലിലേയും പക്ഷികൾ, മൃഗങ്ങൾ, അവയിലും ഭക്ഷണത്തിനുള്ള സാധനങ്ങളുണ്ട്. സമുദ്രത്തിന്റെ അടിയിൽ കഴിയുന്ന ജീവികളിലും, സമുദ്രത്തിന്റെ മുകളിൽ പറക്കുന്ന പക്ഷികളിലും, കരയിലുള്ള മൃഗങ്ങളിലുമെല്ലാം ഭക്ഷണത്തിനുള്ള സാധനങ്ങൾ ഒരുക്കിവച്ചിരിക്കുന്നു. ഭക്ഷണത്തിനുള്ള സാധനത്തോടൊപ്പം കുടിക്കാനുള്ള പാനീയവും തണുപ്പിൽനിന്നും ചൂടിൽനിന്നും രക്ഷപ്പെടാനുള്ള വസ്ത്രങ്ങളും യാത്രാവാഹനങ്ങളുമെല്ലാം ഈ മൃഗങ്ങളിൽ നിന്നും ലഭിക്കുന്നു. മനോഹരമായ വസ്ത്രം നമുക്ക് നല്കാൻ നമ്മുടെ രക്ഷിതാവ് ഒരു പുഴുവിനെ ജോലിക്കായി നിയമിച്ചിരിക്കുകയാണ്. അത് നമുക്കുവേണ്ടി അധ്വാനിക്കുന്നു. അതിന്റെ ഫലമായി പട്ട് ലഭിക്കുന്നു. അതറിഞ്ഞുകൊണ്ട്, അവന് നന്ദി കാണിക്കുന്നതിനു പകരം അധികമാളുകളും അഹങ്കരിക്കുകയും പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്നു.

ഇക്കാലഘട്ടത്തിൽ വളരെ കുറച്ചു മാത്രമെ മൃഗങ്ങൾ യാത്രയ്ക്കായി ഉപയോഗിക്കപ്പെടു

ന്നുള്ളൂ. അപ്പോൾ ഭൂമിയിൽനിന്ന് ശക്തിയുള്ള ഒരു വസ്തു നല്കി. അതിന്റെ സഹായത്താൽ കരയിലുള്ള യാത്ര സുഗമമായി. സമുദ്രയാത്രയും എളുപ്പമുള്ളതായിത്തീർന്നു. അതിന്റെ സഹായത്താൽ അന്തരീക്ഷവും മനുഷ്യൻ കീഴടക്കി. ചുരുക്കിപ്പറഞ്ഞാൽ, നിരവധി വസ്തുക്കളുണ്ട്. അതെല്ലാം എഴുതാനിരുന്നാൽ ഒരു വലിയ പട്ടികയായിത്തീരും.

അല്ലാഹു നല്കിയ ആകാശഭൂമികളിലെ ഈ അനുഗ്രഹങ്ങൾ, നമ്മുടെ സേവനത്തിനായി നമ്മുടെ റബ്ബ് ചുമതലപ്പെടുത്തിയിരിക്കുന്ന ഈ വസ്തുക്കൾ അസംഖ്യമാണ്. ഖേദകരമെന്നു പറയട്ടെ മനുഷ്യരിൽ അധികവും ഈ കാര്യത്തിൽ അല്ലാഹുവിനോട് നന്ദി കാണിക്കുന്നതിനു പകരം അവൻ നൽകിയ അനുഗ്രങ്ങൾക്ക് അവനോട് നന്ദി കാണിക്കുന്നതിനു പകരം റബ്ബുൽആലമീനായ അല്ലാഹുവിൽനിന്ന് അധികമാളുകളും മുഖം തിരിച്ചുകളയുകയാണ് ചെയ്യുന്നത്. പക്ഷേ, ഈ വസ്തുക്കൾ ഒരഹ്മദിയിൽ നിന്ന് അവശ്യപ്പെടുന്ന ഒരു കാര്യമുണ്ട്, അതായത്, അവന് നന്ദി കാണിച്ചുകൊണ്ട്, അവൻ പറഞ്ഞിരിക്കുന്ന വഴിയിലൂടെ അവനെ ആരാധിക്കുക. ദൃഷ്ടിപായിച്ചുനോക്കുക. ചിന്തിച്ചുനോക്കുക. നമുക്ക് വെറും ഖുർആൻ കാണിച്ചുതന്ന ആ ഒരു റബ്ബിനെ മാത്രമെ അപ്പോൾ നമുക്ക് കാണാൻ കഴിയൂ. നബി(സ) അതിലേക്കാണ് നമുക്ക് മാർഗ്ഗദർശനം നല്കിയത്. ആ റബ്ബ് തന്നെയാണ് നമുക്കീ എല്ലാ അനുഗ്രഹങ്ങളും തന്നുകൊണ്ടിരിക്കുന്നത്. അവൻ അഖിലലോകങ്ങളുടേയും പാലകനാണ്. ഈ എല്ലാ അനുഗ്രഹങ്ങളും തരുന്ന കാരണത്താൽ, സ്തുതിക്കർഹനും ആരാധനയ്ക്കർഹനും അവൻ മാത്രമാണ്. അല്ലാതെ മനുഷ്യൻ ഉണ്ടാക്കിവെച്ചിട്ടുള്ള ചെറിയ ചെറിയ റബ്ബുമാരല്ല. നമുക്ക് ഒന്നും തരാൻ അവയ്ക്ക് ഒരു കഴിവുമില്ല. സ്വരക്ഷയ്ക്ക് തന്നെയും മറ്റുള്ളവരെ അവയ്ക്ക് ആവശ്യമുണ്ട്. ഈ എല്ലാ കാര്യങ്ങളെക്കുറിച്ചും പറഞ്ഞതിനുശേഷം അല്ലാഹു നബി(സ)യുടെമേൽ അധ്യാപനങ്ങൾ ഇറക്കിക്കൊണ്ട് ഇങ്ങനെ വിളംബരം ചെയ്യിച്ചു: ഈ റസൂലിനെ വിശ്വസിക്കുകയും ***റബ്ബനാ ഇന്നനാ സമിഅ്നാ മുനാദിയൻയ്യുനാദീലിൽ ഈമാനി അൻ ആമിനൂബിറബ്ബിക്കും ഫ ആമന്നാ*** എന്ന് വാദിക്കുകയും ചെയ്ത അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ വാദത്തിനുശേഷം എന്റേയും മുഴുലോകത്തിന്റേയും റബ്ബായ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കുവാൻ എനിക്ക് സാധ്യമല്ലെന്ന് പ്രഖ്യാപിക്കുക. ഞാൻ പരിപൂർണ്ണമായ നിലയിൽ അവനെ അനുസരിക്കുന്നവനാണ്. നന്ദികെട്ടവരേയും, നിന്നെ തിരിച്ചറിയാത്തവരേയും പോലെ അന്യദൈവങ്ങളുടെ മുമ്പിൽ പ്രണമിക്കാൻ എനിക്ക് സാധ്യമല്ല. ഇത്ര വ്യക്തമായ തെളിവുകൾക്കും നമ്മുടെ റബ്ബിന്റെ ഔദാര്യങ്ങൾക്കും ശേഷം മറ്റാരെയെങ്കിലും ആരാധിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

ഞാൻ ആദ്യം പാരായണം ചെയ്ത വചനത്തിൽ പറഞ്ഞിരുന്നതുപോലെ ***ഖുൽ ഇന്നീ നുഹീത്തു അൻ അഅ്ബുദല്ലദീന തദ്ഊന മിൻദൂനില്ലാഹ്***. അല്ലാഹുവിനെ വിട്ട് നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന ആരാധ്യരെ ആരാധിക്കുന്നത് എന്നോട് നിരോധിച്ചിരിക്കുന്നു. അതുകൊണ്ട് മറ്റാരുടെയെങ്കിലും മുമ്പിൽ കുനിയുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. നേരായ മാർഗ്ഗം കാണിച്ചതിനുശേഷം നന്ദികെട്ടവരിൽ ഉൾപ്പെടുന്നതുമല്ല. ഞാൻ അല്ലാഹുവിന്റെ ദൃഷ്ടാന്തം കണ്ടുകഴിഞ്ഞിരിക്കുന്നു. അത് എന്റെ വിശ്വാസത്തിന് ശക്തിപകരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയാൽ ഞാൻ പ്രഖ്യാപിക്കുന്നു, ***വ ഉമിർത്തു അൻഉസ്ലിമ ലിറബ്ബിൽ ആലമീൻ***. പ്രപഞ്ചനാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിക്കുകയും ചെയ്തിരിക്കുന്നു. (ഞാൻ ആദ്യം ***റബ്ബനാ ഇന്നനാ*** എന്ന വചനം ഓതിയത് വേറൊരിടത്ത് ഓതേണ്ടതായിരുന്നു. അബദ്ധത്താൽ അവിടെ ഓതിപ്പോയതാണ്)

അതിനാൽ, ഇപ്പോൾ നമ്മുടെ വാദം ഏതൊരു റബ്ബിനെ ആരാധിക്കാനാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ആ റബ്ബുൽആലമീനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ അല്ലാഹു നമ്മളെ നിസ്സഹായരും നിരാലംബരുമായി വിട്ടുകളയുകയില്ല എന്നതാണ്. അല്ലാഹു മാർഗ്ഗദർശിയെ തരാതെയും നമ്മെ ഉപേക്ഷിച്ചുകളഞ്ഞില്ല. മറിച്ച്, ഇക്കാലത്തും നബി (സ) തിരുമേനിയുടെ പ്രവചനവും തന്റെ വാഗ്ദാനവും അനുസരിച്ച് നമ്മുടെ അവസ്ഥ കണ്ടുകൊണ്ട് ഒരു വിളിയാളനെ ഇറക്കിയിരിക്കുന്നു. ഇവിടെ നമ്മുടെ ഭൗതികവും ബാഹ്യവുമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി തന്റെ പരിപാലനത്തിന്റെ ജ്യോതിസ്സ് കാണിക്കുന്നിനോടൊപ്പം വാഗ്ദത്ത മഹ്ദീ മസീഹിനെ അയച്ചുകൊണ്ട് നമ്മുടെ ആത്മീയമായ ഭക്ഷണത്തിനുള്ള ഏർപ്പാടും അല്ലാഹു ചെയ്തിരിക്കുന്നു. തന്നിലേക്ക് ചെല്ലാനുള്ള വഴിയും നമുക്ക് കാണിച്ചുതന്നു. അതായത്, വഴികാണിക്കുന്നതിനായി ഒരു വഴികാട്ടിയേയും തന്നു. നാം ആ മാർഗ്ഗദർശിയെ വിശ്വസിക്കുന്നവരാണ്. ഞാൻ ആദ്യം പറഞ്ഞ വചനം ഇവിടെയാണ് വരേണ്ടിയിരുന്നത്. ***റബ്ബനാ ഇന്നനാ സമിഅ്നാ മുനാദീയൻയ്യുനാദീലിൽ ഈമാനി*** അതായത് നാം വിളംബരം

ചെയ്യുന്നു. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ വിശ്വാസത്തിലേക്ക് വിളിക്കുന്ന ഒരു വിളിയാളന്റെ വിളി കേട്ടിരിക്കുന്നു. അദ്ദേഹത്തെ നീ അയച്ചവനാണ്. ഞങ്ങൾ അദ്ദേഹത്തിന്റെ വിളിക്ക് ലബ്ബൈക്ക് പറഞ്ഞ് വന്നിരിക്കുകയാണ്. നിന്റെ ഈ സമ്മാനത്തെ ഞങ്ങൾ ആദരിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ ദുആ ചെയ്യുന്നു. നീ ഞങ്ങളുടെ ഈമാൻ പൂർത്തിയാക്കിവയ്ക്കേണമേ. ഇതെല്ലാം കണ്ടുകൊണ്ട് വിശ്വസിച്ച ഒരു ബുദ്ധിമാനായ മനുഷ്യൻ, തന്റെ റബ്ബിന് പൂർണ്ണമായും അനുസാരിയായി ഇരിക്കേണ്ട ആവശ്യമില്ലെന്ന് ഒരിക്കലും ചിന്തിക്കുകയില്ല. അതിനാൽ അഹ്മദികളുടെ വിളംബരം ഇതാണ്- ഇതുതന്നെയാണ് വേണ്ടതും. നമ്മൾ റബ്ബുൽ ആലമീനായ നമ്മുടെ റബ്ബിന്റെ കല്പനയനുസരിച്ച്, അവന്റെ സകല കല്പനകളുമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, പൂർണ്ണ അനുസരണത്തോടെ അവന്റെ മുമ്പിൽ കുനിയുന്നു. അവന്റെ തിരുസന്നിധിയിൽ, ***റബ്ബനാ ഫഗ്ഫിർലനാ ദുനൂബനാ വ കഫ്ഫിർഅന്നാ സയ്യിആത്തിനാ വതവഫ്ഫനാ മഅൽ അബ്റാർ*** എന്നു ദുആ ചെയ്യുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങൾ നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽനിന്ന് നീ അകറ്റിക്കളയുകയും സുകൃതവാന്മാരോടൊപ്പം ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. (*3:194*)

ഞങ്ങൾ വിനയത്തോടെ അപേക്ഷിക്കുന്നു. ഞങ്ങൾ ഈ ഇമാമിനെ വിശ്വസിക്കുകയും, നിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് ഒരുതരത്തിലുള്ള തിന്മകളിലും പെടരുതെന്നും ഒരുതരത്തിലുള്ള തെറ്റും ഞങ്ങളിൽനിന്ന് ഉണ്ടാകരുതെന്നും എപ്പോഴും പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കണമെന്നുമുള്ള ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേണമേ. നീ ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, എല്ലാ തിന്മയിൽനിന്നും രക്ഷിക്കുകയും ചെയ്യേണമേ. ഞങ്ങൾ തിരിച്ചുവരേണ്ട സമയമെത്തുമ്പോൾ, നിന്റെ സന്നിധിയിൽ ഹാജരാകേണ്ട നേരം വരുമ്പോൾ ഞങ്ങളിലുള്ള ഓരോരുത്തരും സാത്ത്വികരായ ആളുകളിൽ ഉൾപ്പെടുന്ന നിലയിലുള്ളവരായിത്തീരേണമേ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്കുത്തരം നല്കുകയും ഈമാനിനെ നേരെയാക്കുകയും ബലപ്പെടുത്തുകയും, അതിനെ ലോകത്തിന്റെ അഴുക്കുകളിൽനിന്നും പൊടിപടലങ്ങളിൽനിന്നും സംരക്ഷിച്ചുനിർത്തുകയും ചെയ്തവരിൽ ഞങ്ങളെ പെടുത്തേണമേ. പക്ഷേ, ഒരു കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ ദുആയോടൊപ്പം നമ്മുടെ കർമ്മങ്ങൾ ചേർന്നുവരുന്നില്ലെങ്കിൽ, നമ്മുടെ അനുസരണം ഒരിക്കലും പൂർണ്ണമായ അനുസരണമാണെന്ന് പറയാൻ പറ്റുകയില്ലെന്ന കാര്യം ഓർമ്മിച്ചുകൊള്ളുക. പൂർണ്ണമായ അനുസരണമില്ലെങ്കിൽ, പിന്നെ ദുആയും നിലനില്ക്കുകയില്ല. എന്നല്ല, നമ്മുടെ വായിൽനിന്ന് പുറപ്പെട്ട പൊള്ളയായ വാക്കുകൾ മാത്രമായിരിക്കുമത്. അതിനാൽ, നാം എപ്പോഴും വിളിയാളന്റെ ശബ്ദം കേട്ടുകൊണ്ട് 'ഞങ്ങൾ വിശ്വസിച്ചു' എന്നതിന് നിന്നെ സാക്ഷിയാക്കുകയാണെന്നുള്ള നമ്മുടെ വിളംബരം യഥാർത്ഥമാണോ എന്നും നമ്മുടെ വിശ്വാസം പൂർണ്ണമായും അനുസരണത്തിലധിഷ്ഠിതമാണോ എന്നും സത്യം മനസ്സിലാക്കിയും നമ്മുടെ റബ്ബിനെ സാക്ഷിയാക്കിയുംകൊണ്ട് അവനെ തന്നെയാണോ നാം വിളിച്ചത് എന്നും അതല്ല സാഹചര്യത്തിന് വിധേയരായിട്ടാണോ അങ്ങനെ പറഞ്ഞത് എന്നും റബ്ബ് എന്ന വിശേഷഗുണത്തെക്കുറിച്ച് നമുക്ക് ശരിയായ അറിവുണ്ടോ എന്നും ഈ വാദം വെറും പൊള്ളയാണോ എന്നും നാം പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. പൊള്ളയായ വാദം നമുക്കൊരിക്കലും പ്രയോജനപ്പെടുകയില്ല. അല്ലാഹു യഥാർത്ഥമായ നിലയിൽ ഓരോ അഹ്മദിക്കും ഈ ദുആയുടെ പിന്നിൽ ഉണ്ടായിരിക്കേണ്ട വികാരം മനസ്സിലാക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ റബ്ബിനെ വിളിച്ചുകൊണ്ട്, നമുക്ക് നമ്മുടെയുള്ളിൽ ഒരു വേദനയുടെ അവസ്ഥ അനുഭവപ്പെടുമാറാകട്ടെ. നാം നമ്മുടെ റബ്ബിനെ വേദനയോടെ വിളിച്ചുകൊണ്ട്, നമ്മെ സാത്വികരിൽ ഉൾപ്പെടുത്താൻ യാചിക്കുകയാണ്. അല്ലാഹുവിനോട് നമ്മെ യഥാർത്ഥ നന്മ പ്രവർത്തിക്കുന്നവരാക്കാൻ ദുആ ചെയ്യുകയാണ്. അങ്ങനെ വരുമ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും നമ്മൾ എത്രത്തോളം അവിടത്തെ ആഗ്രഹവും പാഠവും അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പരിശോധിക്കേണ്ടിവരും. നമ്മൾ നന്മയിൽ ചലിക്കുന്നതിനും അതിൽ നിലകൊള്ളുന്നതിനും വേണ്ടി ദുആ ചെയ്യുമ്പോൾ അവൻ റബ്ബുൽ ആലമീനാണെന്നും അവന്റെ കല്പനകൾ ആകാശങ്ങളിലും ഭൂമിയിലുമെല്ലാം നടന്നുവരുന്നുവെന്നുള്ള വിശ്വാസത്തോടെയായിരിക്കേണ്ടതാണ്. നമ്മുടെ റബ്ബിന്റെ അധ്യാപനം യൂറോപ്പിനും, അമേരിക്കയ്ക്കും, ഏഷ്യയ്ക്കും, ദ്വീപുവാസികൾക്കും, ആഫ്രിക്കക്കാർക്കും വേണ്ടിയുള്ളതാണ്. ഈ ഭൂമിയിലുള്ളവർക്കും ആകാശഭൂമിയിലുള്ള എല്ലാവർക്കും പ്രപഞ്ചത്തിനും വേണ്ടിയുള്ളതാണ്.

സകലപ്രപഞ്ചവും അവന്റെ നിയന്ത്രണത്തിലാ

ണ്. എവിടെയൊക്കെ മനുഷ്യനുണ്ടോ അല്ലെങ്കിൽ എവിടെയൊക്കെ മനുഷ്യൻ എത്തുമോ അവിടെയൊക്കെ നമ്മുടെ റബ്ബിന്റെ സകല കല്പനകളും നടപ്പിൽവരും. ഞാനിത് വിശദീകരിച്ചു പറയാൻ കാരണമുണ്ട്.

ഞാൻ ഖുത്ബയിലോ പ്രസംഗത്തിലോ എന്തെങ്കിലും കാര്യം പറയുമ്പോൾ ചില അഹ്മദികൾ മനസ്സിലാക്കുന്നത്, ഞാനിവിടെ നേരിട്ട് സംബോധന ചെയ്യുന്നവർക്കു മാത്രമേ അത് ബാധകമാകൂ എന്നാണ്. ഇങ്ങനെയൊരു വിചാരം ഒരഹ്മദിയ്ക്കുണ്ടാകാൻ പാടില്ലാത്തതാണ്. ഞാൻ ഏത് രാജ്യത്ത്വെച്ചാണോ പ്രസംഗത്തിലോ പ്രഭാഷണത്തിലോ അല്ലാഹുവിന്റെ പാഠം ഉദ്ധരിച്ചുകൊണ്ട് എന്തെങ്കിലും കാര്യം പറയുന്നത്, അത് ആ നാട്ടുകാർക്കു മാത്രമല്ല. മറിച്ച്, എവിടെയൊക്കെ അഹ്മദികളുണ്ടോ, അവരെല്ലാം അതിൽ സംബോധിതരാണ്. ഇങ്ങനെ മനസ്സിലാക്കുമ്പോൾ നമ്മളിൽ ഐക്യമുണ്ടാകും. ഒരു റബ്ബുൽ ആലമീനെ വിശ്വസിക്കുന്നവരാണെന്ന് നമുക്ക് പറയാനും കഴിയും. കഴിഞ്ഞ ദിവസം ദാമ്പത്യജീവിതത്തേയും കുടുംബജീവിതത്തേയും, മരുമകളും അമ്മായിഅമ്മയും തമ്മിലുള്ള ബന്ധത്തേയും കുറിച്ച് ഞാനൊരു ഖുത്ബ ഓതിയിരുന്നു. യു.കെ. ലജ്ന ഇമായില്ലായുടെ ഇജ്തിമാഇന്റെ അവസരത്തിൽ പർദ്ദയെക്കുറിച്ച് സമ്മർദ്ദം ചെലുത്തി പറഞ്ഞിരുന്നു. അപ്പോൾ ചില രാജ്യങ്ങളിലെ സ്ത്രീകളും പുരുഷന്മാരും പരസ്പരം സംസാരിക്കുകയോ ചോദിക്കുകയോ പറയുകയോ ചെയ്യുന്നത്, ഇക്കാര്യം വെറും യുകെയിലെ ആളുകൾക്കു വേണ്ടിയാണോ അതല്ല, ഞങ്ങളെല്ലാം സംബോധിതരാണോ എന്നാണ്. ആദ്യകാലങ്ങളിൽ ചില പ്രത്യേക നാട്ടുകാർക്കു വേണ്ടി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ടാകാം. പക്ഷേ, ഇപ്പോൾ ലോകം തമ്മിൽ അടുത്തബന്ധമുള്ള കാരണത്താൽ അത് ഒന്നായി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് തിന്മകളും ഏകദേശം കൂടിക്കലർന്നു കഴിഞ്ഞിരിക്കുന്നു.

അല്ലാഹു ഈ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കിക്കൊണ്ട് നമുക്ക് എം.ടി.എ എന്ന അനുഗ്രഹവും നല്കിയിരിക്കുന്നു; റബ്ബുൽ ആലമീന്റെ പാഠങ്ങളിൽനിന്ന് അകന്നുപോകുന്നവരെ, ക്ഷണത്തിൽ കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നതിനു വേണ്ടി. തിന്മ പരക്കുന്നുവെങ്കിൽ നന്മയും എത്രയും വേഗം അവിടെ എത്തിപ്പെടേണ്ടതാണ്. ലോകത്തെല്ലാമുള്ള അഹ്മദികൾ ***വ ഉമിർത്തു അൻ ഉസ്‌ലിമ ലിറബ്ബിൽ ആലമീൻ*** (പ്രപഞ്ചനാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിച്ചിരിക്കുന്നു) എന്നത് തന്നെക്കുറിച്ചാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ, ഞാനെന്റെ പ്രഭാഷണങ്ങളിലും ഖുത്ബകളിലും പറഞ്ഞിട്ടുള്ള നമ്മുടെ റബ്ബിന്റെ അധ്യാപനങ്ങൾ ലോകത്തുള്ള സകല അഹ്മദികൾക്കും വേണ്ടിയുള്ളതാണ്. അതുകൊണ്ട് പ്രവർത്തിക്കാതിരിക്കാനുള്ള തന്ത്രങ്ങൾ അന്വേഷിച്ചുനടക്കാൻ പാടില്ല. മറിച്ച്, ഓരോരുത്തരും തന്നോടാണ് പറഞ്ഞതെന്ന് മനസ്സിലാക്കേണ്ടതാണ്.

പൂർണ്ണമായ അനുസരണവും, അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചുള്ള ജീവിതവും നിലനില്ക്കുമ്പോഴാണ് നാം നമ്മുടെ റബ്ബിനോട്, സാത്വികരിൽ ഉൾപ്പെടുത്തിക്കൊണ്ട് മരിപ്പിക്കേണമേ എന്ന ദുആ ചെയ്യുന്നവരായിത്തീരുന്നത്. അല്ലാഹുവേ, ഞങ്ങൾക്ക് നിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് തരേണമേ എന്ന് പ്രാർത്ഥിക്കുന്നവരായിത്തീരുന്നത്. അല്ലാഹുവിനെ പൂർണ്ണമായും അനുസരിക്കുകയും അവനെമാത്രം ആരാധിക്കുന്നവരുമായവരിൽ ഉൾപ്പെടുന്നവരായിത്തീരുന്നത്. ***ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ*** എന്ന സമ്മാനം കരസ്ഥമാക്കുന്നവരായിത്തീരുന്നത്. ഒരു സത്യവിശ്വാസിയുടെ ജോലി, ഈ പദവി കരസ്ഥമാക്കാൻ വിശ്വാസത്തിനുശേഷം, ഞാൻ വിശ്വസിച്ചുവെന്ന് പ്രഖ്യാപിച്ചതിനുശേഷം ***റബ്ബി അവ്സിഅ്നീ അൻ അശ്കുറ നിഅ്മത്തക്കല്ലത്തീ അൻഅംത അലയ്യ*** (എന്റെ നാഥാ, നീ എനിക്ക് ചെയ്തു തന്ന അനുഗ്രഹത്തിന് ഞാൻ നന്ദി കാണിക്കുന്നു. നീ എനിക്ക് പൊറുത്തുതന്നാലും) എന്ന ദുആ ചെയ്തുകൊണ്ട് ആ അല്ലാഹുവിന് നന്ദിയുള്ളവരായിരിക്കയും, നമ്മളിൽ ഈ അനുഗ്രഹങ്ങളെല്ലാം ചൊരിയുകയും ഈമാൻ തന്നനുഗ്രഹിക്കുകയും ചെയ്ത അല്ലാഹുവിനോട് നന്ദി കാണിച്ചുകൊണ്ടിരിക്കയും ചെയ്യേണ്ടതാണ്. ***അൻ അഅ്മല സ്വാലിഹൻ തർളാഹു വ അദ്ഖിൽനീ ബിറഹ്‌മത്തിക്ക ഫീ ഇബാദിക്കസ്സ്വാലിഹീൻ***. അല്ലാഹുവേ, നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാൻ എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യംകൊണ്ട് നിന്റെ സദ്‌വൃത്തരായ ദാസരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ. (*27:20*)

സദുദ്ദേശ്യത്തോടെ ഇങ്ങനെ പ്രാർത്ഥിക്കുന്നവരും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും, ***ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ*** എന്ന സമ്മാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ കരസ്ഥമാക്കുന്നവരായിരിക്കും. അതിനാൽ, നമ്മുടെ റബ്ബ് നമ്മെ പഠിപ്പിച്ചിട്ടുള്ള പ്രാർത്ഥനകൾ നാം നമ്മുടെ റബ്ബിനോട് ചെയ്യുമ്പോൾ അതിന്റെ കർത്തവ്യങ്ങളും പൂർത്തി

യാക്കേണ്ടത് നിർബന്ധമാണ്. ഈ കർത്തവ്യങ്ങൾ സൽക്കർമ്മങ്ങളാണെന്ന് നാം കണ്ടുകഴിഞ്ഞു.

അതുകൊണ്ട് "ഈ ഖുത്ബ ഇന്നവർക്കു വേണ്ടിയാണെന്നും ഈ പ്രസംഗം ഇന്നവർക്കു വേണ്ടിയാണെന്നും പറയുന്നത്", സ്വയം തങ്ങളുടെ ദുആയിൽനിന്ന് തടഞ്ഞുനിർത്തുന്ന കാര്യങ്ങളാണ്. നമുക്ക് തന്റെ സാമീപ്യം നൽകാൻ നമ്മുടെ റബ്ബിനോട് ദുആ ചെയ്യുന്നുവെന്ന് ഒരു ഭാഗത്ത് നാം പറയുന്നു. മറുഭാഗത്ത് നാം നമ്മുടെ നിബന്ധനകളനുസരിച്ച് ചെയ്യാനാഗ്രഹിക്കുന്നു. ഭൗതികലോകത്തുപോലും ഇത്തരം സമ്പ്രദായമില്ല; എനിക്ക് തരികയാണെങ്കിൽ ഞാൻ പറയുന്നതുപോലെ തരണമെന്ന് ഭിക്ഷക്കാരൻ പോലും പറയില്ല. അത്തരമാളെ ഭ്രാന്തനെന്നല്ലാതെ മറ്റെന്താണ് ജനങ്ങൾ പറയുക. അത്തരം വ്യക്തിയെ വിഡ്ഢിയെന്നേ ജനങ്ങൾ പറയുകയുള്ളൂ. എന്നാൽ, ഭൗതിക കാര്യങ്ങളിൽ അപൂർവ്വമായ സന്ദർഭങ്ങളിൽ അങ്ങനെ ഉണ്ടാകാറുണ്ട്. കഴിഞ്ഞ ദിവസം ഒരാൾ തന്റെ വിവാഹം എങ്ങും ഉറയ്ക്കുന്നില്ലെന്ന് എനിക്ക് എഴുതിയിരുന്നു. പാക്കിസ്ഥാനിലെ രിശ്ത്നാത്ത സഹകരിക്കുന്നില്ലത്രെ! ഞാൻ റിപ്പോർട്ട് വാങ്ങിയപ്പോൾ അറിയാൻ കഴിഞ്ഞത് വിവാഹബന്ധം പലതും അയാളോടു പറഞ്ഞു. പക്ഷേ, അയാൾക്ക് ഇഷ്ടപ്പെട്ടില്ല. കാരണം, വിവാഹം തന്റെ നിബന്ധനയനുസരിച്ചായിരിക്കണമെന്നാണ് പരാതിക്കാരനായ യുവാവ് പറയുന്നത്. ഈ സാഹിബ് മെട്രിക്കുലേഷനെ പാസ്സായിട്ടുള്ളൂ. നിസ്സാരമായ വിദ്യാഭ്യാസമാണ്. എം.എക്കാരിയെ വേണമെന്നാണ് പറയുന്നത്. ജോലിയുള്ളവളും സമ്പാദിച്ചുകൊണ്ടു വരുന്നവളുമായിരിക്കണം. വിവാഹത്തോടെ തനിക്ക് സ്വന്തം വീട് ലഭിക്കണം. പതിനായിരം രൂപ രൊക്കമായും കിട്ടണം. തന്റെ ചെലവുകളെല്ലാം വഹിക്കുകയും വേണം. ചെലവ് വഹിച്ചാൽ മാത്രം പോര, തന്നോട് ജോലി ചെയ്യാൻ ഭാര്യയോ വീട്ടുകാരോ പറയാനും പാടില്ല. ജോലി ചെയ്യുകയോ ചെയ്യാതിരിക്കുകയോ തന്റെ ഇഷ്ടമായിരിക്കും. അത്തരം വ്യക്തിയെ മാനസികരോഗി എന്നല്ലാതെ മറ്റെന്തു പറയാനാണ്? അത്തരം വ്യക്തിയെ ശ്രദ്ധിക്കാനേ പാടില്ലാത്തതാണ്. പിന്നെന്തിനാണ് രിശ്തനാത്ത അയാളോട് വിവാഹകാര്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നതെന്ന് മനസ്സിലാകുന്നില്ല. അത്തരം സമ്പർക്കം മൂലം രിശ്തനാത്തായുടെ ഉദ്യോഗസ്ഥന്മാർക്ക് മാനസികരോഗം പിടിപെടാതിരിക്കട്ടെ. പക്ഷേ, വേദനയോടെ പറയട്ടെ, അത്തരക്കാരുടെ ബന്ധം എങ്ങും ഉറയ്ക്കുകയില്ല. അതിനായി തയ്യാറാവുകയുമില്ല. പക്ഷേ, വിവാഹസമയത്ത് ഒരു ഡിമാന്റും പറയാത്തവരുണ്ട്. പക്ഷേ വിവാഹം കഴിഞ്ഞാൽ, അവരുടെ പ്രവർത്തനം മുകളിൽ പറഞ്ഞയാളുടേത് പോലെയായിരിക്കും. ചിലരുടെ പരാതികൾ കേൾക്കാറുണ്ട്. ഭാര്യാവീട്ടുകാരോട് പലതും ആവശ്യപ്പെടാൻ തുടങ്ങും. ഇഷ്ടത്തിനൊത്ത മറുപടി കിട്ടുന്നില്ലെങ്കിൽ, ആവശ്യങ്ങൾ നിറവേറ്റുന്നില്ലെങ്കൽ പിന്നെ കലഹവും വഴക്കും കുഴപ്പവും യുവതിയ്ക്ക് അടിയും കിട്ടുന്നു. അല്ലാഹുതആല അത്തരക്കാർക്കും ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. കരുണചെയ്യട്ടെ.

തന്റെ ജീവിതത്തിൽ സ്വയമേവ ദ്രോഹം ചെയ്ത വിഡ്ഢിയും അക്രമിയുമല്ലാതെ, റബ്ബ് എന്ന വിശേഷഗുണത്തെക്കുറിച്ച് അറിവില്ലാത്തവനല്ലാതെ- റബ്ബ് എന്തെന്തെല്ലാം ഉപകാരങ്ങളാണ് നമുക്ക് ചെയ്തിട്ടുള്ളതെന്ന് അവന് അറിയുകയേയില്ല- ഇത്തരം ദ്രോഹങ്ങൾ ചെയ്യുകയില്ല. നമ്മുടെ റബ്ബ് നമുക്ക് പഠിപ്പിച്ചുതന്ന പ്രാർത്ഥനകളിൽനിന്നെല്ലാം ഫലമെടുക്കുന്നതിനായി നാം ഇതിൽ നിന്നെല്ലാം പിൻമാറേണ്ടതാണ്. ഒരു ദുആ അവൻ പഠിപ്പിച്ചിരിക്കുന്നു. സൂറ ശുഅ്റാഇയിലെ മൂന്ന് വചനങ്ങളാണിത്.

***റബ്ബി ഹബ്‌ലീ ഹുക്മൻ വ്വ അൽഹിഖ്നീ ബിസ്സ്വാലിഹീൻ വജ്അൽല്ലീ ലിസാന സ്വിദ്ഖിൻ ഫിൽആഖിരീൻ വജ്അൽനീ മിൻവ്വറസത്തി ജന്നത്തിന്നഈം*** (26:84-86)

"എന്റെ നാഥാ! നീ എനിക്ക് വിവേകജ്ഞാനം നല്കുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. പിൻതലമുറകളിൽ ശാശ്വതമായി നിലനില്ക്കുന്ന പ്രശംസ നീ എനിക്ക് നല്കേണമേ. നീ എന്നെ സുഖാനുഭൂതിയുള്ള സ്വർഗ്ഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ." തങ്ങളുടെ റബ്ബിനെക്കുറിച്ച് അറിയാത്തവരും വിവേകജ്ഞാനം ഇല്ലാത്തവരുമായവരുടെ സംസാരം കേൾക്കുമ്പോൾ അവർക്കുവേണ്ടി ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത ഈ പ്രാർത്ഥനയാണ് നമുക്കും ചെയ്യാനുള്ളത്. എപ്പോഴും നമ്മുടെ റബ്ബിനോട്, വിവേകജ്ഞാനത്തിനും ബുദ്ധിയ്ക്കും, ശരിയായ കാര്യങ്ങൾ സ്വീകരിക്കുന്നതിനും, അതിൽ നിലനില്ക്കുന്നതിനും വേണ്ടി ദുആ ചെയ്യേണ്ടതാണ്. അതിനോടൊപ്പം സൽക്കർമ്മങ്ങൾ ചെയ്യാനും ശ്രദ്ധയുണ്ടാവേണ്ടതാണ്. സത്യസന്ധതയിൽ എപ്പോഴും ഉറച്ചുനില്ക്കുന്നവരിലും സുകൃതവാന്മാരിലും ഉൾപ്പെടാൻ ഇതല്ലാതെ മറ്റൊരു വഴിയില്ലെന്നാണ് നിരന്തരം അല്ലാഹു പറഞ്ഞിരിക്കുന്നത്. അവർ സത്യം പറയുകയും കളവിന്നെതിരെ ജിഹാദ് ചെയ്ത് അല്ലാഹുവിനോടും മനു

ഷ്യരോടുമുള്ള കടമ നിറവേറ്റുകയും ചെയ്തവരായിരുന്നു. ദൈവകല്പനയനുസരിച്ച് നന്മകൾ പരത്തുന്നവരും സത്യം പറയുന്നവരുമായിരുന്നു. അവരുടെ നന്മ കാരണത്താൽ പിൻഗാമികളിലും അവർ ചർച്ചാവിഷയമായിരുന്നു. അത്തരക്കാരുടെ ദുആ സ്വീകരിച്ചുകൊണ്ട് അല്ലാഹു അവരെ സ്വർഗ്ഗത്തിന്റെ അനുഗ്രഹത്തിന് അവകാശികളാക്കി. അതുകൊണ്ട് സത്യസന്ധത നിലനിർത്തുന്നതിനും സത്യസന്ധന്മാരിൽ ഉൾപ്പെടുന്നതിനും ശരിയായ അധ്യാപനത്തിലും വിവേകജ്ഞാനത്തിലും നിലകൊള്ളാൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്. അമ്പിയാക്കന്മാരുടെ പ്രവർത്തനവൃത്തം വിശാലമാണ്. അവർ ആ വൃത്തത്തിൽനിന്നുകൊണ്ട് തങ്ങളുടെ റബ്ബിനോട് ചോദിക്കുന്നു. ഓരോ സത്യവിശ്വാസിയുടേയും വൃത്തം അവരവരുടെ കഴിവിനനുസരിച്ചായിരിക്കും. അത് അല്ലാഹു നൽകിയ കഴിവുകളനുസരിച്ചുള്ളതാണ്. പക്ഷേ, ജീവിതത്തിലും പിന്നീടും സുകൃതവാന്മാരിൽ ഉൾപ്പെടുന്നതിനായി സത്യസന്ധത എന്ന അടിസ്ഥാനപരമായ പാഠം ഓരോരുത്തരുടേയും മുന്നിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഈ വശത്തൂടെയും ഓരോരുത്തരും പരിശോധന നടത്തേണ്ടതാണ്. സത്യസന്ധതയ്ക്ക് വിരുദ്ധമായ ഒന്നുംതന്നെ കർമ്മത്തിലൂടെയോ സംസാരത്തിലൂടെയോ ഉണ്ടാകാൻ പാടില്ല. ഇതിനുവേണ്ടി ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്– നമ്മുടെ റബ്ബിന് നന്ദി പ്രകടിപ്പിക്കാൻ, അവന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരാൻ.

ജോലിക്കാർ അധ്വാനത്തോടും സത്യസന്ധതയോടുംകൂടി പ്രവർത്തിക്കുക. ജനങ്ങളുമായിട്ടുള്ള ഇടപാടുകളിൽ അവരുടെ അവകാശങ്ങൾ ശ്രദ്ധിക്കുക. ജമാഅത്തിന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നവരാണെങ്കിൽ അവർ അതിലൊരിക്കലും ഒരുതരത്തിലുള്ള മടിയും സത്യത്തിൽനിന്ന് അകന്നുപോകുന്ന പ്രവൃത്തിയും ചെയ്യരുത്. ഓരോരുത്തരും തങ്ങളെക്കുറിച്ച് പരിശോധിക്കുക. എത്രത്തോളം സത്യസന്ധതയിൽ നിലനില്ക്കുന്നുവെന്ന് അത് മുഖേന അറിയാൻ കഴിയും. പേടിച്ചുപേടിച്ച് പകൽ കഴിച്ചുകൂട്ടിയെന്നും പകലും തഖ്വയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് രാത്രിയും സാക്ഷി പറയട്ടെ. നമ്മുടെ രാവും പകലും സത്യസന്ധതയോടെ നിലനില്ക്കുകയാണെങ്കിൽ വിജയമുണ്ട്. എന്നാൽ, നിലവാരം തകരുകയാണെങ്കിൽ ആഗതരായ വിളിയാളന്റെ വിളി കേട്ടുവെന്നും വിശ്വസിച്ചുവെന്നുമുള്ള കാര്യം തെറ്റായിപ്പോകുന്നതാണ്. കാരണം അത് കളവായിരിക്കും. സ്വന്തം ആത്മാവിനെ വഞ്ചിക്കുകയാണത്. നമ്മുടെ ദൈവത്തെ വഞ്ചിക്കാനുള്ള ശ്രമമാണത്.

അതുകൊണ്ട് റബ്ബനാ, എന്ന വിളി സ്വീകാരാർഹമാകുന്നത് സത്യഹൃദയത്തോടുകൂടി എല്ലാ കല്പനകളിലും ബയ്അത്തിന്റെ നിബന്ധനകളിലും നിലനില്ക്കാൻ ശ്രമിക്കുമ്പോഴാണ്. മനുഷ്യൻ ബലഹീനനാണ്. അവൻ തെറ്റുകൾ ചെയ്യുന്നു. പക്ഷേ, അതകറ്റാൻ ശ്രമിക്കേണ്ടതും അല്ലാഹുവിനോട് സഹായം തേടേണ്ടതും അനിവാര്യമാണ്.

നമുക്ക് പൊറുത്തുതരാൻ വേണ്ടി ഇസ്തിഗ്ഫാർ ചെയ്യേണ്ട മാർഗ്ഗങ്ങൾ നമുക്ക് പഠിപ്പിച്ചുതന്ന ദയാപരനാണ് നമ്മുടെ അല്ലാഹു. ഇത് ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിട്ടുള്ളതാണ്. നിഷ്കളങ്കരായിക്കൊണ്ട് നാം അവന്റെ മുമ്പിൽ കുനിയുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ചെയ്താൽ അവനത് സ്വീകരിക്കുന്നു. അല്ലാഹു പറയുന്നു. ***ഖാല റബ്ബി ഇനീ ളലംതു നഫ്സീ ഫഗ്ഫിർലീ ഫഗഫറലഹൂ, ഇന്നഹു ഹുവൽ ഗഫൂറർറഹീം*** അദ്ദേഹം പ്രാർത്ഥിച്ചു. എന്റെ നാഥാ, എന്റെ ആത്മാവിനെ ഞാൻ ദ്രോഹിച്ചുപോയി. നീ എനിക്ക് പൊറുത്തുതരേണമേ. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുത്തു. അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (28:17) ഇവിടെ വിവരിക്കപ്പെട്ട ദുആ കഥയെന്ന നിലയിലല്ല. പ്രത്യുത,ഇത് പറഞ്ഞത് നിങ്ങൾ ആത്മാർത്ഥതയോടുകൂടി നിങ്ങളുടെ റബ്ബിനോട് ചോദിച്ചാൽ അവൻ നിങ്ങളോടും ഇതേ രീതിയിൽ പെരുമാറുമെന്നാണ്. ഹൃദയത്തിൽനിന്ന് പ്രാർത്ഥന പുറത്തുവരുമ്പോൾ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് പൊറുത്തുതരുന്നു. അല്ലാഹു എല്ലാ അഹ്മദികളോടും ഈ രീതിയിൽ പെരുമാറട്ടെ. ഓരോ അഹ്മദിയും തങ്ങളുടെ റബ്ബിന്റെ മഗ്ഫിറത്തിന്റെ പുതപ്പിൽ പുതപ്പിക്കപ്പെട്ടശേഷം എപ്പോഴും ***ഫസബ്ബിഹ് ബിഹംദി റബ്ബിക്ക വകുൻ മ്മിനസാജിദീൻ*** (അതിനാൽ, നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. 15:99) എന്ന കല്പനയുടെ പ്രതീകമായിത്തീരട്ടെ. ഈ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരുമാറാകട്ടെ. ഓർമ്മിക്കുക ഈ കാലഘട്ടത്തിലെ വിളിയാളന്റെ, മസീഹ് മഹ്ദിയുടെ വിളി കേട്ട് മറ്റുള്ള എല്ലാ റബ്ബുമാരിൽനിന്നകന്നുകൊണ്ട് മുഹമ്മദ് (സ)ന്റെ റബ്ബിന്റെ– അതേ, സർവ്വലോകത്തിന്റേയും റബ്ബിന്റെ മുന്നിൽ കുനിയേണ്ടതാണ്. അവനെ പ്രകീർത്തിച്ചും സ്തുതിച്ചുംകൊണ്ട് ജീവിതം നയിക്കേണ്ടതാണ്. ഇക്കാലത്തെ ഇമാം നമുക്ക് പരിചയപ്പെടുത്തിത്തന്ന റബ്ബിന് നാം സുജൂദ്

ചെയ്യേണ്ടതാണ്. ആ സുജൂദ് റബ്ബുൽ ആലമീന്റെ തിരുസന്നിധിയിൽ മാത്രമേ ചെയ്യാൻ പാടുള്ളൂ. കാരണം അവനാണ് ഏകനായ റബ്ബ്. ഏതെങ്കിലും സത്യവിശ്വാസി അല്ലെങ്കിൽ അഹ്മദിയുടെ മനസ്സിൽ ഇരിക്കാൻ യോഗ്യനായ റബ്ബ് അവനല്ലാതെ മറ്റാരുമില്ല. എപ്പോഴും അവന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കാൻ അഹ്മദികൾ ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നോക്കുക, യഥാർത്ഥത്തിൽ റബ്ബനാ എന്ന പദത്തിൽ തൗബാ ചെയ്യുന്നതിലേക്ക് ഒരു നേർത്ത സൂചനയുണ്ട്. കാരണം റബ്ബനാ എന്ന പദം മനുഷ്യൻ പണിതു വെച്ചിട്ടുള്ള എല്ലാ റബ്ബുമാരിൽനിന്നുമകന്ന് യഥാർത്ഥ ദൈവത്തിലേക്ക് വന്നതിനെ സൂചിപ്പിക്കുന്നു. ഈ പദം, യഥാർത്ഥമായ വേദനയോടും വിലാപത്തോടും കൂടിയല്ലാതെ മനുഷ്യന്റെ മനസ്സിൽനിന്ന് പുറത്തുവരികയില്ല. റബ്ബ് എന്ന് പറയുന്നത് ഘട്ടം ഘട്ടമായി പൂർണ്ണതയിലെത്തിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാണ്. യഥാർത്ഥത്തിൽ മനുഷ്യനിൽ ഒരുപാട് റബ്ബുമാരുണ്ട്. തങ്ങളുടെ തന്ത്രങ്ങളിലും കാപട്യങ്ങളിലും ഒരുപാട് അഹങ്കരിക്കുന്നു. അവന് തന്റെ അറിവിനെക്കുറിച്ചും തന്റെ കരബലത്തെക്കുറിച്ചും അഹങ്കാരമുണ്ടെങ്കിൽ അതാണ് അവന്റെ റബ്ബ്. അവന് തന്റെ സൗന്ദര്യത്തിലും സമ്പത്തിലും അഹന്തയുണ്ടെങ്കിൽ അതാണ് അവന്റെ റബ്ബ്. ഇങ്ങനെ ആയിരക്കണക്കിന് കാരണങ്ങൾ അവനോടൊപ്പം ചേർന്നുനില്ക്കുന്നു. ഇതെല്ലാം ഉപേക്ഷിച്ചുകൊണ്ട് അവയിൽനിന്നുണർന്ന് ആ ഏകനും പങ്കുകാരാരുമില്ലാത്തവനും സത്യവാനും യഥാർത്ഥനുമായ അല്ലാഹുവിന്റെ മുമ്പിൽ തലകുനിക്കാത്തിടത്തോളം കാലം, 'റബ്ബനാ' എന്ന വേദനനിറഞ്ഞതും ഹൃദയത്തെ ഉരുക്കുന്നതുമായ പ്രാർത്ഥന മുഖേന അവന്റെ തിരുസന്നിധിയിൽ വീഴാത്തിടത്തോളം കാലം യഥാർത്ഥ റബ്ബിനെ അവർ മനസ്സിലാക്കുന്നവരാകുകയില്ല. വേദനയോടും വിഷമത്തോടും കൂടി തങ്ങളുടെ പാപമംഗീകരിച്ചുകൊണ്ട് പശ്ചാത്തപിക്കുകയും അവനോട് റബ്ബനാ അതായത് യഥാർത്ഥ റബ്ബ് നീ മാത്രമാണ്, ഞാൻ എന്റെ തെറ്റുകൊണ്ട് മറ്റു സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു, ഇപ്പോൾ ഞാൻ ആ വ്യാജ ആരാധ്യരെയെല്ലാം ഉപേക്ഷിച്ചുകൊണ്ട് സത്യഹൃദയത്തോടെ നിന്നെ പരിപാലകനായി അംഗീകരിക്കുകയും നിന്റെ തിരുസന്നിധിയിൽ വരികയും ചെയ്തിരിക്കുന്നു എന്നു പറയുമ്പോൾ അല്ലാഹു അത് സ്വീകരിക്കുന്നു. ചുരുക്കത്തിൽ ഇത് കൂടാതെ അല്ലാഹുവിനെ റബ്ബായി അംഗീകരിക്കാൻ പ്രയാസമാണ്. മനുഷ്യന്റെ ഹൃദയത്തിൽനിന്ന് മറ്റുള്ള റബ്ബുമാരും അവരോടുള്ള സ്നേഹബഹുമാനാദികളും മഹത്വവും അന്തസ്സും പുറത്തുപോകാത്തിടത്തോളംകാലം യഥാർത്ഥമായ റബ്ബിന്റേയും അവന്റെ പരിപാലനത്തിന്റേയും ജാമ്യം കിട്ടുകയില്ല. ചിലയാളുകൾ വ്യാജത്തെ റബ്ബാക്കി വെച്ചിരിക്കുന്നു. അവർ പറയുന്നത് കളവില്ലാതെ തങ്ങൾക്ക് ജീവിക്കാൻ പറ്റുകയില്ലെന്നാണ്. ചിലർ മോഷണത്തേയും കൊള്ളയേയും വഞ്ചനയേയും തങ്ങളുടെ റബ്ബാക്കി വെച്ചിരിക്കുന്നു. ഈ വഴിയിലൂടെയല്ലാതെ തങ്ങൾക്ക് ഉപജീവനം ലഭിക്കുകയില്ലെന്നാണ് അവരുടെ വിശ്വാസം. അതുകൊണ്ട് അവരുടെ റബ്ബുമാർ ഇതൊക്കെത്തന്നെയായിരിക്കും. നോക്കുക, ഒരു കള്ളൻ, അവന്റെ പക്കൽ മോഷണത്തിനുള്ള എല്ലാ സാധനസാമഗ്രികളുമുണ്ട്. രാത്രിയിൽ അവനുദ്ദേശിക്കുന്ന നല്ല അവസരവും കിട്ടി. കാവൽക്കാരൊന്നും ഉണ്ടായിരുന്നുമില്ല. അത്തരം പരിതസ്ഥിതിയിൽ അവൻ കളവല്ലാതെ ഉപജീവനത്തിനുള്ള വക കിട്ടാൻ മറ്റു വല്ല വഴിയും കാണുമോ? അവൻ തന്റെ ആയുധങ്ങളെയാണ് തന്റെ ആരാധ്യവസ്തുവായി കാണുന്നത്. ചുരുക്കത്തിൽ തങ്ങളുടെതന്നെ തന്ത്രങ്ങളിലും വഞ്ചനയിലും വിശ്വസിക്കുന്നവർക്ക് അല്ലാഹുവിനോട് ദുആ ചെയ്യേണ്ട ആവശ്യമെന്താണ്. എല്ലാ വഴികളും അടഞ്ഞവനാണ് പ്രാർത്ഥന ആവശ്യമായിവരുന്നത്. അതല്ലാതെ മറ്റൊരു വഴിയും അത്തരക്കാരന് ഉണ്ടാവുകയില്ല. അവരുടെ ഹൃദയത്തിൽനിന്നാണ് യഥാർത്ഥ പ്രാർത്ഥന പുറത്തുവരുന്നത്. അതുകൊണ്ട് ***റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ*** തുടങ്ങിയ പ്രാർത്ഥനകൾ ചെയ്യുന്നത് അല്ലാഹുവിനെ മാത്രം തങ്ങളുടെ റബ്ബായി തിരിച്ചറിഞ്ഞവരായിരിക്കും. എല്ലാ റബ്ബുമാരും, തങ്ങളുടെ റബ്ബിന്റെ മുമ്പിൽ ഒന്നുമല്ലായെന്ന് അവർ മനസ്സിലാക്കുന്നു. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ റബ്ബിനെക്കുറിച്ച് തിരിച്ചറിവ് നല്കുമാറാകട്ടെ. അവന്റെ മുമ്പിൽ മാത്രം നാം സുജൂദ് ചെയ്യുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 1.12.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala